"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നടപ്പ് സാമ്പത്തിക വർഷം (2024-25) 2220-60-800-69 കേരള ആർട്ട് & കൾച്ചറൽ സെന്റർ, ന്യൂഡൽഹി എന്ന ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.75/2024/I&PRD     തിരുവനന്തപുരം, തീയതി, 02-08-2024

---

പരാമർശം:-
1. ഫീൽഡ് പബ്ലിസിറ്റി വിഭാഗം ഇൻഫർമേഷൻ ഓഫീസറുടെ 11-06-2024 ലെ പ്രൊപ്പോസൽ
2. 08-07-2024 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടികുറിപ്പ്

**ഉത്തരവ്**

നടപ്പ് സാമ്പത്തിക വർഷം (2024-25) 2220-60-800-69 കേരള ആർട്ട് & കൾച്ചറൽ സെന്റർ, ന്യൂഡൽഹി എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ (പത്ത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 9 ലക്ഷം രൂപ (ഒൻപത് ലക്ഷം രൂപ മാത്രം) ചെലവിൽ വിവിധ പദ്ധതികൾ/ പരിപാടികൾ നടപ്പാക്കുന്നതിന് പരാമർശം (1) പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. 08-07-2024 തീയതിയിൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് വിശദമായി പരിശോധിച്ച ശേഷം പ്രസ്തുത പ്രൊപ്പോസൽ അംഗീകരിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം ( 2 ) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2) വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ (2024-25) 2220-60-800-69 കേരള ആർട്ട് & കൾച്ചറൽ സെന്റർ, ന്യൂഡൽഹി എന്ന ശീർഷകത്തിൽ നിന്നും 9 ലക്ഷം രൂപ (ഒൻപത് ലക്ഷം രൂപ മാത്രം) ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തണമെന്നും തുക അധികരിക്കുകയാണെങ്കിൽ ധനവകുപ്പിന്റെ അംഗീകാരത്തോടെ മാത്രം എന്ന വ്യവസ്ഥയോടെ ചുവടെ പറയുന്ന വിവിധ പദ്ധതികൾ/ പരിപാടികൾക്കായി വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നം. | പരിപാടി | തുക |
|---|---|---|
| 1 | ന്യൂഡൽഹിയിൽ എല്ലാ വർഷവും സംഘടിപ്പിക്കുന്ന ഭാരത | 5,00,000- |

| | | |
|---|---|---|
| | അന്താരാഷ്ട്ര വ്യാപാര മേളയിൽ സംസ്ഥാന കേരളദിനാഘോഷപരിപാടി സംഘടിപ്പിക്കുന്നതിന് | |
| 2 | ന്യൂഡൽഹി ഓണാഘോഷ സാംസ്കാരിക പരിപാടി സംഘടിപ്പിക്കുന്നതിന് | 1,00,000/- |
| 3 | കേരള പിറവി, മലയാള ദിനാഘോഷം - സാംസ്കാരിക പരിപാടി സംഘടിപ്പിക്കുന്നതിന് | 3,00,000/- |
| | **ആകെ** | **9,00,000/** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം വി
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ, ഫീൽഡ് പബ്ലിസിറ്റി
ഇൻഫർമേഷൻ ഓഫീസർ ഫീൽഡ് പബ്ലിസിറ്റി/ വെബ് & ന്യൂ മീഡിയ /ന്യൂഡൽഹി
ധനകാര്യ വകുപ്പ്/ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ& ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്
സബ് ട്രഷറി ഓഫീസർ, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
കരുതൽ ഫയൽ ഓഫീസ്/ കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonia James
സെക്ഷൻ ഓഫീസർ
Date: 02-08-2024 16:04:03